# പതിമൂന്നാം കേരള നിയമസഭ
# ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4496** **27.06.2013-ൽ മറുപടിക്ക്**

**ദേശീയ പാതയിലെ പൂളാടിക്കുന്നു മുതൽ വെങ്ങളം വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കാൻ നടപടി**

| ചോദ്യം<br>ശ്രീ. എ.കെ. ശശീന്ദ്രൻ | മറുപടി<br>ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ്<br>പൊതുമരാമത്ത് വകുപ്പ് മന്ത്രി |
|---|---|
| (എ) കോഴിക്കോട് ജില്ലയിലെ ദേശീയപാത ബൈപ്പാസിൽ പൂളാടിക്കുന്ന് മുതൽ വെങ്ങളം വരെയുള്ള ഭാഗത്ത് 5 കി. മീ റോഡിന്റെ പ്രവൃത്തി തുടങ്ങാനുള്ള എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (എ) കോഴിക്കോട് ജില്ലയിലെ ദേശീയപാത ബൈപ്പാസിൽ പൂളാടിക്കുന്ന് മുതൽ വെങ്ങളം വരെയുള്ള 5.1 കി. മീ റോഡിന്റെ പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ ഏറ്റെടുത്തിട്ടുള്ള ദേശീയപാത 17-ന്റെ 4 വരിപ്പാതയുടെ നിർമ്മാണത്തോടൊപ്പം ഏറ്റെടുക്കാനാണ് തീരുമാനിക്കപ്പെട്ടിരുന്നത്. എന്നാൽ സ്ഥലമെടുക്കുന്നതിലെ കാലതാമസം മൂലം ദേശീയപാത വികസനം തടസപ്പെട്ടിരിക്കുന്നതിനാൽ നിർമ്മാണച്ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്ന രീതിയിൽ കോഴിക്കോട് ബൈപ്പാസിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ 2013 - 14-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ വകയിരുത്തിയിട്ടുണ്ട്. ടി പ്രവൃത്തിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനായുള്ള എസ്റ്റിമേറ്റ് സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) നാഷണൽ ഹൈവേസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിലുള്ള ദേശീയ പാതയിലെ പൂളാടിക്കുന്നു മുതൽ വെങ്ങളം വരെയുള്ള ഭാഗത്തിന്റെ പ്രവൃത്തി സംസ്ഥാന സർക്കാർ ഏറ്റെടുക്കുമോ എന്നു വ്യക്തമാക്കുമോ ; | (ബി) & (സി) ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. വിശദാംശങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ. |
| (സി) ഏറ്റെടുക്കുമെങ്കിൽ പണി പൂർത്തിയാക്കാൻ എത്ര തുക ചെലവ് പ്രതീക്ഷിക്കുന്നുവെന്ന് അറിയിക്കുമോ; പ്രവൃത്തി എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ? | |

സെക്ഷൻ ഓഫീസർ